**പതിമൂന്നാം കേരള നിയമസഭ**

**ഒമ്പതാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 800 12-6-2013-ൽ മറുപടിക്ക്

**ജലനിധി വഴി നടപ്പിലാക്കുന്ന പദ്ധതികൾ**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എ.എ. അസീസ്. | | ശ്രീ. പി.ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) 2013-14 വർഷത്തിൽ ജലനിധി വഴി സംസ്ഥാനത്ത് ഏതൊക്കെ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; | (എ) യും (ബി) യും | 2013-14 വർഷത്തിൽ ജലനിധി പദ്ധതി മുഖേന 528 കുടിവെള്ള പദ്ധതികളുടെ നിർമ്മാണം നടത്തുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. പഞ്ചായത്ത് തിരിച്ചുള്ള പദ്ധതികളും അവയുടെ അടങ്കൽ തുകയും ഇപ്പോൾ അംഗീകാരത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. ഇതുകൂടാതെ ജലനിധി പദ്ധതി നടപ്പിലാക്കുവാനായി രണ്ടാം ബാച്ചിൽ തെരഞ്ഞെടുത്ത 68 ഗ്രാമപഞ്ചായത്തുകളിൽ പദ്ധതി നടത്തിപ്പിന്റെ ആസൂത്രണഘട്ടം പൂർത്തിയാക്കുവാനും തൃശ്ശൂർ ജില്ലയിലെ മാള പഞ്ചായത്തും അതിനോടടുത്തുള്ള പൊയ്യ, അന്നമനട, പുത്തൻചിറ, വെള്ളാങ്ങല്ലൂർ, കുഴൂർ എന്നീ പഞ്ചായത്തുകളെയും ഉൾപ്പെടുത്തി മൾട്ടി ജി.പി. -വിവിധ പഞ്ചായത്തുതല കുടിവെള്ള പദ്ധതിയും 2013-14 വർഷത്തിൽ തുടങ്ങുവാൻ ലക്ഷ്യമിടുന്നു. |
| (ബി) ഓരോ പദ്ധതിയുടെയും അടങ്കൽ തുക എത്രയാണ്; വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ